**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2195** **30-09-2025 - ൽ മറുപടിയ്ക്ക്**

**കെട്ടിട നിർമ്മാണത്തിലെ സി.ആർ.ഇസഡ്. നിയമ പ്രകാരമുള്ള മാനദണ്ഡങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സി.ആർ.ഇസഡ്. മാനദണ്ഡ പ്രകാരം പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ പരിധിയിലെ കെട്ടിടനിർമ്മാണത്തിന് അനുമതി ലഭിക്കുന്നതിനുള്ള പരിധി പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (എ) | 2019 തീരദേശ പരിപാലന പ്ലാനിന് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ നിലവിൽ 2019 തീരദേശ പരിപാലന വിജ്ഞാപനത്തിലെ ഇളവുകൾ സംസ്ഥാനത്ത് ലഭിക്കുന്നുണ്ട്. തീരദേശ നിയന്ത്രണ മേഖലയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് 300m$^2$ വിസ്തീർണം വരെയുള്ള വാസഗൃഹ നിർമ്മാണങ്ങളുടെ അനുമതി നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ട്. തീരദേശ പരിപാലന നിയമത്തിലെ നിബന്ധനകൾക്കു വിധേയമായി മാത്രമാണ് റിസോർട്ടുകൾക്ക് അനുമതി നൽകിവരുന്നത്. കടലിന്റെ വേലിയേറ്റ രേഖയിൽ നിന്നും 500 മീറ്റർ വരെ സി.ആർ.ഇസഡ് മേഖലയിൽ ഉൾപ്പെടുന്നു. സി.ആർ.ഇസഡ് II ൽ ഉൾപ്പെട്ട പ്രദേശങ്ങളിൽ അംഗീകൃത കെട്ടിടങ്ങളുടെ കരഭാഗത്തേയ്ക്ക് നിർമ്മാണാനുമതി ലഭിക്കുന്നതാണ്. സി.ആർ.ഇസഡ് III A യിൽ കടലിന്റെ വേലിയേറ്റ നിരയിൽ നിന്ന് 50 മീറ്റർ വരെ വികസന നിരോധന മേഖലയായി കുറച്ചിട്ടുണ്ട്. എന്നാൽ സി.ആർ.ഇസഡ് III B കടലിന്റെ വേലിയേറ്റ രേഖയിൽ നിന്ന് 200 മീറ്റർ വരെ വികസന രഹിത മേഖലയായി തുടരും. ഉൾനാടൻ ജലാശയങ്ങളുടെ (സി.ആർ.ഇസഡ് III വിഭാഗത്തിലെ) വേലിയേറ്റ രേഖയിൽ നിന്നുള്ള ദൂരപരിധി 100 മീറ്ററിൽ നിന്ന് 50 മീറ്റർ വരെയായി കുറയ്ക്കുകയും പ്രസ്തുത 50 മീറ്റർ വരെയോ ജലാശയത്തിന്റെ വീതിയോ ഏതാണ് കുറവ് അതും വികസന രഹിത മേഖലയാണ്.<br><br>കൂടാതെ, പരമ്പരാഗത മത്സ്യത്തൊഴിലാളി സമൂഹത്തിന് മാത്രമായി ദുരന്ത നിവാരണ നിയമങ്ങൾ സംബന്ധിച്ച വ്യവസ്ഥകൾ പാലിച്ചുകൊണ്ടും പൊതുശുചിത്വമാലിന്യ സംസ്കരണം ഉറപ്പു വരുത്തികൊണ്ടും വികസന നിഷിദ്ധ മേഖലയിൽ |

| | | | |
|---|---|---|---|
| | | | (കടലിന്റെ വേലിയേറ്റ മേഖലയിൽ നിന്നും 200 മീറ്റർ ദൂരപരിധി വരെയും കായലിന്റെ വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ വരെയും) വാസഗൃഹങ്ങൾക്ക് അനുമതി ലഭിക്കുന്നതാണ്.<br><br>സംസ്ഥാനത്തെ 66 ഗ്രാമപഞ്ചായത്തുകളെ CRZ III യിൽ നിന്ന് CRZ II ലേയ്ക്ക് തരം മാറ്റിയിട്ടുണ്ട്. കൂടാതെ 37 ഗ്രാമപഞ്ചായത്തുകളെ CRZ III A യിലും ഉൾപ്പെടുത്തിയിട്ടുണ്ട്. ടി പഞ്ചായത്തുകൾക്ക് 2019 സി.ആർ.ഇസഡ് വിജ്ഞാപനത്തിലെ ഇളവുകൾ ലഭിക്കുന്നതാണ്.<br><br>നിലവിൽ ദ്വീപുകളുടെ വികസന നിഷിദ്ധ മേഖലയിൽ വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ ദൂരപരിധിയ്ക്കുള്ളിൽ ഉപയോഗമാറ്റം വരുത്താതെ അംഗീകൃത വാസഗൃഹത്തിന്റെ അതേ പ്ലിന്ത് ഏരിയയിൽ നിജപ്പെടുത്തി പുനർനിർമ്മാണാനുമതി നൽകാവുന്നതാണ്. ജലാശയത്തിന്റെ വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ മാറിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് സി.ആർ.ഇസഡ് അനുമതി ആവശ്യമില്ല. |

സെക്ഷൻ ഓഫീസർ